Catholic Syrian Bank

CSB

Place : Thrissur
Date : 26th October, 2016

## പ്രസ്സ്റിലീസ്

# 2016 17സാമ്പത്തിക വർഷത്തിലെആദ്യ പകുതിയിൽ റെക്കോർഡ്മൊത്തലാഭവുമായി കാത്തലിക്സിറിയൻ ബാങ്ക്

തൃശ്ശൂർ : 2016–2017 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ തന്നെ കാത്തലിക് സിറിയൻ ബാങ്ക് റെക്കോഡ് മൊത്തലാഭം നേടി മുന്നേറുന്നു. ബാങ്കിന്റെ 96 വർഷത്തെ ചരിത്രത്തിൽ ആദ്യപകുതിയിലെ ഏറ്റവും മികച്ച മൊത്തലാഭം ആണിത്.

സൗകര്യപ്രദമായ രീതിയിൽ പലിശനിരക്ക് നിശ്ചയിച്ചത്, സ്ട്രസ്സ്ഡ് അസെറ്റ്സ് ഫലപ്രദമായികൈകാര്യം ചെയ്തത്, CASA യുടെ പുരോഗതി, ആസ്തിയുടെ വളർച്ച, നടത്തിപ്പ് ചിലവുകളിലുള്ള കർശ്ശനമായ നിയന്ത്രണം തുടങ്ങിയ നടപടിക്രമങ്ങളാണ് ഈ പുരോഗതി കൈവരിക്കാൻ ബാങ്കിന് സഹായകമായത്.

മുൻവർഷത്തെ ആദ്യ പകുതിയിലെ 41 കോടി നഷ്ടത്തെ അപേക്ഷിച്ച് 2016–2017 ആദ്യ പകുതിയിലെ 51 കോടിയാണ് ബാങ്ക് നേടിയത്. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ ബാങ്കിന്റെ നടത്തിപ്പ് ലാഭം 95 കോടിയാണ്.

മുൻ വർഷത്തെ അപേക്ഷിച്ച് GROSS NPA 504 കോടിയിൽ നിന്നും 463 കോടിയായി താഴ്ന്നുവരികയും NET NPA 405 കോടിയിൽ നിന്നും 331 കോടിയായി കുറയുകയും ചെയ്തു. പ്രൊവിഷൻ കവറേജ് റേഷ്യോ 2015 സെപ്റ്റംബർ മാസാവസാനം ആയിരുന്ന 41% ത്തിൽ നിന്നും 2016 സെപ്റ്റംബർ മാസാവസാനം 52% ആയി വർദ്ധിച്ചു.

CASA റേഷ്യോ, 2015 ലെ 18.64% ൽ നിന്നും 21.30% ലേക്ക് വർദ്ധിച്ചു. കാപ്പിറ്റിൽ അഡിക്വസി റേഷ്യോ 2016 സെപ്റ്റംബർ 30ന് 10.69 % ആയിവർദ്ധിച്ചു. ഇത് 2016 മാർച്ച് 31ൽ 10.55% ആയിരുന്നു. റിസർവ് ബാങ്കിന്റെ വ്യവസ്ഥയനുസരിച്ച് കാപ്പിറ്റൽ അഡിക്വസി റേഷ്യോ 9.63% ആണ്.

9.63% ത്തെ അപേക്ഷിച്ച് ബാങ്കിന്റെ കാപ്പിറ്റൽ അഡിക്വസി റേഷ്യോ 2016 മാർച്ച് 31ൽ 10.55% ആയിരുന്നത് 2016 സെപ്റ്റംബർ 30ന് 10.69 % മായി മാറുകയും ചെയ്തു. ഈ ഫലം പ്രഖ്യാപിച്ചത് 2016 സെപ്റ്റംബർ 30 വരെയുള്ള വർഷത്തെ ആദ്യപകുതിയിലെ അൺ ഓഡിറ്റഡ് ഫിനാൻഷ്യൽ പ്രകാരമാണ്.

സെപ്റ്റംബർ 23ന് നടന്ന ആന്വൽ ജനറൽ മീറ്റിംഗിൽ ലഭ്യമായ ഓഹരി ഉടമകളുടെ മുൻഗണനാ ക്രമത്തിലുള്ള മൂലധന സമാഹരണത്തിലൂടെ സെപ്റ്റംബർ 30ന് ബാങ്ക് 115 കോടി രൂപ സംഭരിക്കുകയുണ്ടായി. മൂലധനം സമാഹരിക്കാനായികൂടുതൽ വിദഗ്ദ്ധരായ നിക്ഷേപകരുമായി ചർച്ചകൾ നടക്കുന്നുണ്ട്.

**കാത്തലിക്സിറിയൻ ബാങ്കിനെകുറിച്ച്**

കേരളത്തിൽ തൃശൂർ ആസ്ഥാനമായി 1920ൽ സ്ഥാപിതമായ കാത്തലിക് സിറിയൻ ബാങ്ക് രാജ്യത്തിലുട നീളമുള്ള 425 ബാങ്കുകളിലൂടെയും 240 എടിഎമ്മുകളിലൂടെയും എൻആർഐ സേവനങ്ങൾ, ഇതര ബാങ്ക് സേവനങ്ങൾ, എസ്എംഇ, ഹോൾസെയിൽ ബാങ്കിംഗ് തുടങ്ങിയ നിരവധി സേവനങ്ങൾ നൽകിവരുന്നു.

Media Contact:
Bharath Mani
Press Relations Officer
Email id: Brand@csb.co.in